I ഇ.ബി. XV - കേരള നിയമസഭ/I-9

# പതിനഞ്ചാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ജൂൺ 7, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I. ഗവർണറുടെ സന്ദേശം

2021 ജൂൺ 2-ാം തീയതി സഭ അംഗീകരിച്ച നന്ദിപ്രമേയത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണർ നൽകിയ മറുപടി ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

## II. അടിയന്തരപ്രമേയം

### കുഴൽപ്പണക്കേസ്

മി. സ്പീക്കർ: തൃശ്ശൂർ-കൊടകര ദേശീയപാതയിൽ നടന്ന കവർച്ചയോടനുബന്ധിച്ചുള്ള അന്വേഷണത്തിൽ മൂന്നരക്കോടി രൂപയുടെ കുഴൽപ്പണം നിയമസഭാ തെരഞ്ഞെടുപ്പിൽ ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ പ്രചരണത്തിനായി കൊണ്ടുവന്നതാണെന്ന് പിടിയിലായവർ മൊഴി നൽകുകയും പ്രസ്തുത പാർട്ടിയിലെ ഉന്നതനേതാക്കളിലേയ്ക്ക് അന്വേഷണം നീളുകയും ചെയ്യുന്ന സാഹചര്യത്തിൽ അന്വേഷണം ത്വരിതപ്പെടുത്തി കുറ്റക്കാരെ നിയമത്തിനുമുന്നിൽ കൊണ്ടുവരേണ്ട സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കോഴിക്കോടുനിന്നും ആലപ്പുഴയിലേയ്ക്ക് പോകുകയായിരുന്ന കാറും അതിലുണ്ടായിരുന്ന 25 ലക്ഷം രൂപയും 03-04-2021-ന് പുലർച്ചെ 4.30-ന് തൃശ്ശൂർ-കൊടകര ബൈപാസ്സിൽ

വച്ച് ഒരു സംഘമാളുകൾ കവർച്ച ചെയ്തുവെന്ന് ഷംജീർ എന്നയാൾ മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ കൊടകര പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും പരാതിക്കാരനായ ഷംജീറിനെയും പണം ഏൽപ്പിച്ചയച്ച കോഴിക്കോട് സ്വദേശി ധർമ്മരാജനെയും വിശദമായി ചോദ്യം ചെയ്തതിൽ കവർച്ച ചെയ്യപ്പെട്ട കാറിൽ മൂന്നരക്കോടി രൂപയുണ്ടായിരുന്നതായി വ്യക്തമായിട്ടുണ്ട്. കൂടുതൽ വകുപ്പുകൾ കൂട്ടിച്ചേർത്ത് തൃശ്ശൂർ റേഞ്ച് ഡി.ഐ.ജി.-യുടെയും എറണാകുളം ക്രൈംബ്രാഞ്ച് എസ്.പി.-യുടെയും മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് പാലക്കാട് ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരികയാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: തെരഞ്ഞെടുപ്പിന് രണ്ടുദിവസം മുമ്പ് കർണ്ണാടകയിൽനിന്നും കൊണ്ടുവന്ന തുകയാണ് കൊടകരയിൽ വച്ച് കവർച്ച ചെയ്തത്. ഈ തുകയ്ക്ക് ബി.ജെ.പി.-യുമായി ബന്ധമില്ലെന്നാണ് നേതാക്കൾ അവകാശപ്പെടുന്നത്. കൊടകര കുഴൽപ്പണക്കേസ്സിലെ യഥാർത്ഥ പ്രതികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരണം. സംസ്ഥാനത്തെ സാമ്പത്തിക-രാഷ്ട്രീയ സംവിധാനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): കള്ളപ്പണത്തിന്റെ വളർച്ച തടയുകയും നികുതി സംവിധാനങ്ങൾ ശാക്തീകരിക്കുകയും പൊതുഖജനാവിലെത്തുന്ന പണം പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളുടെ ഉന്നമനത്തിനായി വിനിയോഗിക്കുകയും ചെയ്യുകയെന്നതാണ് സർക്കാർ നിലപാട്. നിക്ഷ്പക്ഷവും സുതാര്യവുമായ അന്വേഷണമാണ് കൊടകര കുഴൽപ്പണക്കേസ്സിൽ നടത്തിവരുന്നത്; ഇതിനായി നിയോഗിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം ബി.ജെ.പി. ഭാരവാഹികളായ നിരവധിപേരെ ചോദ്യം ചെയ്ത് തെളിവുകൾ ശേഖരിച്ചുവരികയാണ്. അന്വേഷണവുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളൊന്നും വെളിപ്പെടുത്തുന്നത് ഉചിതമല്ല. അന്വേഷണം ത്വരിതഗതിയിൽ നടക്കുന്നതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): കൊടകര ദേശീയ പാതയിൽ കുഴൽപ്പണവുമായി വന്ന കാറിലുണ്ടായിരുന്ന തുകയെക്കുറിച്ചും അതിന്റെ ഉറവിടത്തെക്കുറിച്ചും സ്പെഷ്യൽ ടീമിനെ നിയോഗിച്ച് അന്വേഷണം നടത്തണം. കള്ളപ്പണത്തിന്റെ ഉറവിടവും വിവരവും ലഭ്യമായിട്ടും കുറ്റവാളികളെ അറസ്റ്റ്

ചെയ്യാനോ കേസിൽ പ്രതികളാക്കാനോ സർക്കാർ തയ്യാറായിട്ടില്ല. കേരളത്തിലെ ബി.ജെ.പി. നേതാക്കൾ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത കേസ് സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരണം.

## III. ശ്രദ്ധക്ഷണിക്കൽ

### 1. റിസോഴ്സ് പേഴ്സൺസിന്റെ ശമ്പളം

ശ്രീ. സി. കെ. ഹരീന്ദ്രൻ: കേന്ദ്ര ഗവൺമെന്റിൽനിന്നും യഥാസമയം ഫണ്ട് ലഭ്യമാകാത്തതിനാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ഭാഗമായി പ്രവർത്തിച്ചുവരുന്ന റിസോഴ്സ് പേഴ്സൺസിന്റെ വേതനവിതരണം കഴിഞ്ഞ അഞ്ച് മാസമായി തടസ്സപ്പെട്ട സാഹചര്യത്തിൽ അത് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നോക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സംസ്ഥാനത്ത് സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള എന്ന സ്വതന്ത്ര സംവിധാനം 2017 മുതൽ പ്രവർത്തനമാരംഭിക്കുകയും ഗ്രാമതല സോഷ്യൽ ഓഡിറ്റർമാർ ഓഡിറ്റ് നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ തലങ്ങളിൽ റിസോഴ്സ് പേഴ്സൺമാരും സോഷ്യൽ ഓഡിറ്റ് എക്സ്പെർട്ടും സോഷ്യൽ ഡെവലപ്മെന്റ് സ്പെഷ്യലിസ്റ്റും കരാറടിസ്ഥാനത്തിൽ ജോലിചെയ്യുന്നു. സോഷ്യൽ

ഓഡിറ്റ് സൊസൈറ്റി പൂർണ്ണമായും കേന്ദ്രസർക്കാർ ധനസഹായത്തിലാണ് പ്രവർത്തിക്കുന്നത്. 2020-21 സാമ്പത്തിക വർഷത്തെ ഫണ്ടിനായുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചെങ്കിലും ലഭ്യമാകാത്ത സാഹചര്യത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തി പ്രശ്നപരിഹാരത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## 2. വളം സബ്സിഡി

ഡോ. മാത്യു കുഴൽനാടൻ: സംസ്ഥാനത്ത് സബ്സിഡി നിരക്കിൽ വളം ലഭിക്കാത്തതുമൂലം കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭിക്കുന്ന വളത്തിന്റെ ദുരുപയോഗം, പൂഴ്ത്തിവയ്പ്, കരിഞ്ചന്ത മുതലായവ തടയുന്നതിനായി കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം ഇൻഡ്യയിലുടനീളം ഒരു കർഷകന് 50 ചാക്ക് വളവും പ്ലാന്റേഷനുകൾക്ക് 1200 ചാക്ക് വളവും അനുവദിക്കുന്നുണ്ട്. മാസന്തോറും രാസവളങ്ങൾ വാങ്ങുന്നതിന് കർഷകർ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. കൃഷിക്കാവശ്യമായ സബ്സിഡി വളം ഒന്നിച്ച് ലഭ്യമാകാത്തതിലുള്ള ബുദ്ധിമുട്ട് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. വളം ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

## IV. സബ്മിഷൻ

### (1) വിമാനത്താവള വികസനം

ശ്രീ. പി. നന്ദകുമാർ: കരിപ്പൂർ വിമാനത്താവളം വികസിപ്പിക്കുന്നതിനും വലിയ വിമാനങ്ങൾക്കേർപ്പെടുത്തിയിരിക്കുന്ന യാത്രാവിലക്ക് നീക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽ പുതിയ അന്താരാഷ്ട്ര ടെർമിനൽ നിർമ്മിക്കുന്നതിനും കാർ പാർക്കിംഗ് സൗകര്യത്തിനുമായി 152.25 ഏക്കർ ഭൂമിയുടെ ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. 2020 ആഗസ്റ്റ് മാസത്തിലുണ്ടായ വിമാന ദുരന്തത്തെത്തുടർന്ന് വലിയ വിമാനങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന യാത്രാവിലക്ക് നീക്കുന്ന കാര്യത്തിൽ അപകടകാരണം കണ്ടെത്തുന്നതിന് നിയോഗിച്ച എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ തീരുമാനമുണ്ടാകുകയുള്ളൂ. യാത്രാവിലക്ക് പിൻവലിക്കണമെന്ന് എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) കുടിവെള്ള പദ്ധതി

ശ്രീ. എ. എൻ. ഷംസീർ : തലശ്ശേരി-കുത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): തലശ്ശേരി-കുത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി ജലസംഭരണികളുടെ നിർമ്മാണത്തിന് സ്വകാര്യഭൂമിയും സർക്കാർഭൂമിയും ആവശ്യമാണ്. സ്വകാര്യ ഭൂവുടമകളുടെ എതിർപ്പുകാരണം സ്ഥലമേറ്റെടുക്കാൻ സാധിക്കാത്തതിനാൽ പാനൂർ മുൻസിപ്പാലിറ്റിയിൽത്തന്നെ മറ്റ് രണ്ട് സ്ഥലങ്ങൾ കണ്ടെത്തിയതിൽ ഒരു സ്ഥലത്തിന്റെ സമ്മതപത്രം വാട്ടർ അതോറിറ്റിക്ക് കൈമാറുകയും രണ്ടാമത്തേത് ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ കണ്ണൂർ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ചൊക്ലി വില്ലേജിൽ 13 ലക്ഷം ലിറ്റർ ഉന്നതതല സംഭരണിക്കുവേണ്ടി തലശ്ശേരി ഗവൺമെന്റ് കോളേജിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ അനുമതിക്കുള്ള പ്രൊപ്പോസൽ അംഗീകാരത്തിനായി സമർപ്പിക്കുകയും തുടർനടപടി പുരോഗമിക്കുകയുമാണ്. പന്ന്യന്നൂർ പഞ്ചായത്തിനെ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വിതരണ ശൃംഖല ദീർഘിപ്പിക്കാനും എല്ലാ വീടുകളിലും ഗാർഹിക കണക്ഷൻ നൽകാനും നടപടി സ്വീകരിക്കുന്നതാണ്. ജലജീവൻ മിഷൻ പദ്ധതി

നടപ്പിലാക്കുന്നതോടെ ശുദ്ധജലക്ഷാമത്തിന് ശാശ്വത പരിഹാരമുണ്ടാകും.

(3) കടൽഭിത്തി/പുലിമുട്ട് നിർമ്മാണം

ശ്രീ. സി. ആർ. മഹേഷ്: ആലപ്പാട് തീരപ്രദേശത്തെ കടൽഭിത്തി/പുലിമുട്ട് നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ഫണ്ടിന്റെ ലഭ്യതക്കുറവുകാരണം ആലപ്പാട് തീരപ്രദേശത്തെ കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾ നടത്താൻ സാധിച്ചിട്ടില്ല. കടൽക്ഷോഭം രൂക്ഷമാകുന്ന സാഹചര്യത്തിൽ ഓരോ പ്രദേശത്തും അനുയോജ്യമായ കടൽഭിത്തി നിർമ്മാണം ആസൂത്രണം ചെയ്യാനായി നടത്തുന്ന പഠനത്തിൽ ആലപ്പാട് പ്രദേശത്തെ ഉൾപ്പെടുത്തുകയും പഠനം കഴിയുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും അനുയോജ്യമായ കടൽഭിത്തി/പുലിമുട്ട് നിർമ്മാണം ആരംഭിക്കുന്നതുമാണ്. ടി പഞ്ചായത്തിന്റെ തീരസംരക്ഷണത്തിനായി 150 ലക്ഷം രൂപയുടെ രണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(4) വാട്ടർ സപ്ലൈ സ്കീം

ശ്രീ. കെ. പി. എ. മജീദ്: തിരൂരങ്ങാടിയിലെ കല്ലക്കയം കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): തിരൂരങ്ങാടി കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ നിലവിലെ കാരാറുകാരനെ ഒഴിവാക്കി പുതുക്കിയ ഭരണാനുമതിക്കുള്ള നടപടി സ്വീകരിച്ചുവരുന്നു.

(5) ഓൺലൈൻ ക്ലാസ് സമയക്രമം

ശ്രീ. എം. നൗഷാദ്: സ്കൂളുകളിലെ ഓൺലൈൻ ക്ലാസ്സുകളിൽ കൃത്യമായ സമയക്രമം പാലിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ സംപ്രേഷണം ചെയ്യുന്ന ക്ലാസ്സുകളുടെ സമയക്രമം മുൻകൂട്ടി നിശ്ചയിച്ച് കൈറ്റിന്റെ വെബ്സൈറ്റിലൂടെയും വിവിധ മാധ്യമങ്ങളിലൂടെയും പ്രസിദ്ധീകരിക്കുന്നുണ്ട്. ഓരോ ക്ലാസിലെയും കുട്ടികൾ പങ്കെടുക്കേണ്ട പരമാവധി സമയം ഷെഡ്യൂൾ ചെയ്ത് ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കാവുന്നതാണ്.

(6) ആശ്വാസ പദ്ധതി

ശ്രീ. എൻ. കെ. അക്ബർ: കോവിഡ് പ്രതിസന്ധി കണക്കിലെടുത്ത് ഗുരുവായൂർ പ്രദേശത്തെ തൊഴിലാളികൾക്ക് വെള്ളക്കരം, വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് പുതുക്കൽ ഫീസ് എന്നിവ ഗഡുക്കളായും വായ്പകളുടെ പിഴപ്പലിശ ഒഴിവാക്കിയും തുക ഒടുക്കുന്നതിന് സമയം

ദീർഘിപ്പിക്കുന്നതുൾപ്പെടെയുള്ള ആശ്വാസ പാക്കേജ് പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് കോവിഡുമായി ബന്ധപ്പെട്ട ആശ്വാസ ധനസഹായമായി ആയിരം രൂപ നൽകുന്നതിനും ഭക്ഷ്യകിറ്റുപോലുള്ള പൊതു ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(7) ബൈപ്പാസ് നിർമ്മാണം

ശ്രീ. കെ. എം. സച്ചിൻദേവ്: ബാലുശ്ശേരിയിലെ ബൈപ്പാസ് നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കേരള റോഡ് ഫണ്ട് ബോർഡ് എസ്.പി.വി.-ആയി ബാലുശ്ശേരിയിൽ ബൈപ്പാസ് നിർമ്മിക്കുന്നതിന് പത്ത് കോടി രൂപയുടെ ഭരണാനുമതി ലഭിച്ചെങ്കിലും ജനങ്ങളുടെ എതിർപ്പ് കാരണം 600 മീറ്റർ സ്ഥലത്ത് സർവ്വേ നടത്തുന്നതിനോ സർവ്വേ പൂർത്തിയാക്കിയ ഭാഗങ്ങളിൽ അതിർത്തിക്കല്ല് സ്ഥാപിക്കുന്നതിനോ സാധിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിന് ജനകീയതലത്തിൽ

അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും സാങ്കേതിക പഠന റിപ്പോർട്ട് അടിസ്ഥാനമാക്കി ബൈപ്പാസ് നിർമ്മാണത്തിനുള്ള വിശദമായ പദ്ധതി വിഭാവനം ചെയ്യുന്നതുമാണ്.

## (8) പാലം നിർമ്മാണം

ശ്രീ. മോൻസ് ജോസഫ്: ചേർപ്പുങ്കൽ സമാന്തര പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ചേർപ്പുങ്കൽ സമാന്തര പാലത്തിന്റെ സ്ട്രക്ച്ചറിന്റെ പണി ഭൂരിഭാഗവും പൂർത്തീകരിച്ചെങ്കിലും സൂപ്പർ സ്ട്രക്ച്ചറിന്റെ അളവ് രേഖപ്പെടുത്തിയതിലെ പിശക് കാരണം എസ്റ്റിമേറ്റ് പുതുക്കേണ്ടിവന്നു. നിരക്ക് അംഗീകരിക്കാൻ തയ്യാറാകാത്ത കരാറുകാരൻ ഹൈക്കോടതിയിൽ റിട്ട് ഹർജി നൽകിയതിനാൽ വിധിന്യായമനുസരിച്ച് കരാറുകാരനെ നേരിൽ കേൾക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

## (9) ടൂറിസം മാസ്റ്റർപ്ലാൻ

ശ്രീ. സനീഷ് കുമാർ ജോസഫ്: തുമ്പൂർമുഴി-മലക്കപ്പാറ മാസ്റ്റർ പ്ലാൻ തയ്യാറാക്കി ടൂറിസം വികസനം സാദ്ധ്യമാക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): തുമ്പൂർമുഴി മുതൽ മലക്കപ്പാറ വരെയുള്ള പ്രദേശത്തിന്റെ ടൂറിസം പ്രാധാന്യം ഉൾക്കൊണ്ട് കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ട് വികസനത്തിനായി തയ്യാറാക്കിയ മാസ്റ്റർ പ്ലാനിൽ തുമ്പൂർമുഴിയിൽ ടൂറിസം ഫാം, അതിരപ്പിള്ളിയിൽ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ, വെള്ളപ്പാറയിൽ വാഹനപാർക്കിംഗ് സൗകര്യം, തുമ്പൂർമുഴി ഫാം മുതൽ അതിരപ്പിള്ളി പാർക്കിംഗ് ഏരിയ വരെ സൈക്കിൾ ട്രാക്ക് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിരപ്പിള്ളിയിൽ 25 മുറികളുള്ള യാത്രിനിവാസിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ടൂറിസം വികസനസാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനായി തുമ്പൂർമുഴി മുതൽ മലക്കപ്പാറ വരെയുള്ള പ്രദേശത്ത് സാധ്യതാപഠനം നടത്താനാണ് ഉദ്ദേശിക്കുന്നത്.

(10) വിദേശ മെഡിക്കൽ കോഴ്സിന് അംഗീകാരം

ശ്രീ. പി. ടി. എ. റഹീം: വിദേശ രാജ്യങ്ങളിൽ നിന്ന് മടങ്ങിവന്ന് ഓൺലൈൻ പഠനം നടത്തുന്നവർക്ക് പരീക്ഷയെഴുതാനുള്ള സംവിധാനമൊരുക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): വിദേശ മെഡിക്കൽ കോഴ്സുകൾ പാസ്സായി വരുന്നവർക്ക് അംഗീകാരം നൽകുന്ന നാഷണൽ മെഡിക്കൽ കമ്മീഷൻ വിദേശത്ത് മെഡിക്കൽ പഠനം

നടത്തുന്നവരുടെ ഓൺലൈൻ പഠനത്തിനോ കോഴ്സിന് അംഗീകാരം നൽകുന്നതിനോ മാനദണ്ഡങ്ങളോ മാർഗ്ഗനിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടില്ല. നാഷണൽ മെഡിക്കൽ കമ്മീഷന്റെ നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് തുടർനടപടി കൈക്കൊള്ളുന്നതാണ്.

## V. റൂളിംഗ്

<u>ക്രമപ്രകാരമല്ലാതെയുള്ള സത്യപ്രതിജ്ഞ</u>

<u>മി. സ്പീക്കർ</u>: ദേവികുളം നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എ. രാജ 24-05-2021-ന് സഭയിൽ ചെയ്ത സത്യപ്രതിജ്ഞ ഇന്ത്യൻ ഭരണഘടനയുടെ മൂന്നാം പട്ടികയിൽ അനുശാസിക്കുംപ്രകാരമല്ലെന്നാണ് ജൂൺ 2-ാം തീയതി പ്രതിപക്ഷനേതാവ് ക്രമപ്രശ്നമുന്നയിച്ചത്. നിയമസഭാംഗം എന്ന നിലയിൽ അദ്ദേഹം നടത്തിയ സത്യപ്രതിജ്ഞ സംബന്ധിച്ച് നിയമസഭാ സെക്രട്ടേറിയറ്റ് നിയമവകുപ്പ് സെക്രട്ടറിയിൽനിന്ന് അഭിപ്രായം ആരായുകയും ശ്രീ. എ. രാജ തമിഴ്ഭാഷയിൽ നടത്തിയ സത്യപ്രതിജ്ഞയിൽ അപാകതയുണ്ടായിട്ടുണ്ടെന്നും തിരുത്തപ്പെടേണ്ടതാണെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ജൂൺ 2-ാം തീയതി വീണ്ടും സത്യപ്രതിജ്ഞ ചെയ്യേണ്ടി വന്നു. നിയമവകുപ്പ് തയ്യാറാക്കി നിയമസഭാ സെക്രട്ടേറിയറ്റിന് അയച്ചുതന്ന തമിഴ്ഭാഷയിലുള്ള സത്യപ്രതിജ്ഞാ വാചകം അപൂർണ്ണമായിരുന്നതിനാലാണ് ശ്രീ. എ. രാജയുടെ സത്യപ്രതിജ്ഞയിൽ

പിശക് സംഭവിച്ചത്. ഇത്തരമൊരു ഗുരുതരമായ വീഴ്ച സംഭവിച്ച സാഹചര്യത്തെ സംബന്ധിച്ച് ചെയർ പരിശോധിച്ച് കർശന നടപടി സ്വീകരിക്കുന്നതാണ്. പതിനൊന്നാം കേരള നിയമസഭയിലെ ഒരംഗം സത്യപ്രതിജ്ഞയ്ക്കുശേഷം സഭാനടപടികളിൽ പങ്കെടുത്ത ദിവസങ്ങൾക്ക് ഭരണഘടനയിൽ പരാമർശിക്കുന്ന നിരക്കിലുള്ള പിഴ അടയ്ക്കണമെന്ന് മാത്രമാണ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിച്ചത്. സഭാനടപടികളിൽ പങ്കെടുത്തതും വോട്ടു രേഖപ്പെടുത്തിയതും അസാധുവാണെന്ന് ഹൈക്കോടതി പ്രഖ്യാപിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ദേവികുളം നിയോജകമണ്ഡലത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എ. രാജ ക്രമാനുസൃതമായി സത്യപ്രതിജ്ഞ നടത്തിയ ജൂൺ രണ്ടാം തീയതി വരെ സഭയിൽ ഹാജരായ മേയ് 24, 25, 28, 31, ജൂൺ 1 എന്നീ അഞ്ച് ദിവസത്തേയ്ക്ക് പ്രതിദിനം അഞ്ഞൂറ് രൂപ നിരക്കിൽ പിഴ ഒടുക്കേണ്ടതാണെന്നും പ്രസ്തുത ദിനങ്ങളിൽ അദ്ദേഹം പങ്കെടുത്തതോ വോട്ട് രേഖപ്പെടുത്തിയതോ ആയ നടപടികളൊന്നും അസാധുവാകുന്നതല്ലെന്നും ഇക്കാര്യങ്ങൾ സംബന്ധിച്ച ഭരണഘടനാവ്യവസ്ഥയുടെയും കീഴ്വഴക്കങ്ങളുടെയും കോടതി നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ റൂൾ ചെയ്യുന്നു.

## VI. ക്രമപ്രശ്നം

ചട്ടങ്ങളുടെ ലംഘനം

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): 04-06-2021-ന് സഭയിൽ അവതരിപ്പിച്ച 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റിനോടനുബന്ധിച്ച രേഖകൾ അംഗങ്ങൾക്ക് യഥാസമയം ലഭ്യമായിട്ടില്ലാത്തതിനാലും ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് സംബന്ധിച്ച സൂക്ഷ്മ പരിശോധന നടത്തേണ്ട സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണം നടന്നിട്ടില്ലാത്തതിനാലും ബഡ്ജറ്റിന്മേൽ പൊതുചർച്ച നടത്തുന്നത് ചട്ടങ്ങളുടെയും കീഴ്വഴക്കങ്ങളുടെയും ലംഘനമാണ്. ആയതിനാൽ ചട്ടം 142-ലെ വ്യവസ്ഥകൾ താൽക്കാലികമായി മരവിപ്പിക്കുകയോ സമിതികളുടെ രൂപീകരണം ഇന്നുതന്നെ പൂർത്തിയാക്കുകയോ ചെയ്യണം.

**റൂളിംഗ്**

മി. സ്പീക്കർ: പുതിയ നിയമസഭ നിലവിൽ വന്നയുടൻതന്നെ സഭാസമ്മേളനം ആരംഭിച്ചതിനാൽ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അനുവദനീയമായ താമസസൗകര്യങ്ങൾ ഏർപ്പാടാക്കുന്നതിൽ മനഃപൂർവ്വമല്ലാത്ത ചില വൈഷമ്യങ്ങളുണ്ടായിട്ടുണ്ട്. കോവിഡ് കാലം

കൂടിയായതിനാൽ ബഡ്ജറ്റ് സംബന്ധിച്ച രേഖകൾ അംഗങ്ങൾക്ക് യഥാസമയം ലഭ്യമാക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്. എന്നിരുന്നാലും എല്ലാ അംഗങ്ങൾക്കും രേഖകൾ യഥാസമയം എത്തിക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണം പൂർത്തീകരിക്കാതെ ബഡ്ജറ്റിന്മേലുള്ള പൊതുചർച്ച ആരംഭിക്കുന്ന കാര്യത്തിൽ ചട്ടലംഘനമോ കീഴ്വഴക്കങ്ങളുടെ ലംഘനമോ ഉണ്ടായിട്ടില്ല. സഭയിലെ വിവിധ സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണം പൊതുചർച്ച ആരംഭിക്കുന്ന ഇന്നുതന്നെ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. ആയതിനാൽ ചട്ടം 142 താൽക്കാലികമായി മരവിപ്പിക്കേണ്ട സാഹചര്യം നിലവിലില്ല. ക്രമപ്രശ്നങ്ങൾ നിലനിൽക്കുന്നതല്ല.

## VII. ധനകാര്യം

### 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപിച്ചതും സൗജന്യ വാക്സിൻ വിതരണത്തിനായി 1000 കോടി രൂപയും അനുബന്ധ ഉപകരണങ്ങൾ

വാങ്ങുന്നതിന് 500 കോടി രൂപയും വകയിരുത്തിയതിന് പുറമെ ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിന് പ്രത്യേക ഫണ്ട് നീക്കിവച്ചതും ശ്ലാഘനീയമാണ്. സർക്കാർ ആശുപത്രികളിൽ ഐസൊലേഷൻ ബ്ലോക്കുകളും പീഡിയാട്രിക് ഐ.സി.യു. വാർഡുകളും നിർമ്മിക്കാനായി ഫണ്ട് വകയിരുത്തിയതും കിഫ്ബിയിലൂടെ 60,000 കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞതും അഭിനന്ദനാർഹമാണ്. അടൂർ നിയോജകമണ്ഡലത്തിലെ വികസന പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ തുക വകയിരുത്തണം. ആശാപ്രവർത്തകരുടെ ഓണറേറിയം വർദ്ധിപ്പിക്കുകയും പാചകത്തൊഴിലാളികളുടെ വേതനം കാലോചിതമായി പരിഷ്കരിക്കുകയും വേണം. കഴിഞ്ഞ സർക്കാർ അനുവദിച്ച അടൂർ അടക്കമുള്ള 5 കുടുംബകോടതികളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തനമാരംഭിക്കണം. അടൂർ ആനന്ദപ്പള്ളി മരമടി മത്സരം പുനരാരംഭിക്കാൻ നിയമനിർമ്മാണം നടത്തണം.

ശ്രീ. കെ. ബാബു (നെന്മാറ): ബഡ്ജറ്റിനെ അനുകൂലിക്കുന്നു. 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപിച്ചതും സൗജന്യ വാക്സിൻ നൽകുന്നതിനായി 1000 കോടി രൂപ വകയിരുത്തിയതും അഭിനന്ദനാർഹമാണ്. കാർഷികോൽപ്പന്നങ്ങളുടെ താങ്ങുവില വർദ്ധിപ്പിച്ചതും ഉൽപ്പാദനത്തോടൊപ്പം

സംസ്കരണം, വിപണനം എന്നിവയ്ക്കായി കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ് ഫോർ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഇൻ കേരള (കെയ്ക്ക്) പദ്ധതി പ്രഖ്യാപിച്ചതും നോളജ് ഇക്കോണമി ഫണ്ട് 300 കോടി രൂപയായി വർദ്ധിപ്പിച്ചതും സ്വാഗതാർഹമാണ്. മുതലമടയിൽ മാംഗോ ഹബ് സ്ഥാപിക്കാനും കൊല്ലങ്കോടിനെ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിക്കണം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ബഡ്ജറ്റിനെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ പൊതുകടം അനിയന്ത്രിതമായി വർദ്ധിച്ചിരിക്കുന്നു. ഇടുക്കി, വയനാട്, തീരദേശ പാക്കേജുകൾ പ്രഖ്യാപനങ്ങൾ മാത്രമായി ഒതുങ്ങുന്നു. ധൂർത്തും അഴിമതിയും മുഖമുദ്രയാക്കിയ ഇടതുസർക്കാരിന്റെ അഴിമതിക്കെതിരായ നിരന്തര പോരാട്ടമാണ് പ്രതിപക്ഷം നടത്തുന്നത്.

<u>ശ്രീ. പി. എസ്. സുപാൽ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പ്രതിസന്ധിഘട്ടത്തിൽ അധികഭാരം അടിച്ചേൽപ്പിക്കാത്ത ജനക്ഷേമത്തിലൂന്നിയ വികസന നയത്തിന്റെ തുടർച്ചയാണ് ഈ ബഡ്ജറ്റ്. ഉല്പാദന മേഖലയ്ക്കൊപ്പം സാമൂഹ്യ സുരക്ഷാ മേഖലയ്ക്ക് പ്രാധാന്യം നൽകിയതും ക്ഷേമപദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയതും കോവിഡ് കാലത്ത്

പഞ്ചായത്തുകൾതോറും സാമൂഹ്യ അടുക്കള സ്ഥാപിച്ചതും ശ്ലാഘനീയമാണ്. ആരോഗ്യ അടിയന്തരാവസ്ഥ നേരിടാനായി പ്രത്യേക പാക്കേജും പ്രവാസി ക്ഷേമ പദ്ധതികളും പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്. കാർഷിക-തീരദേശ മേഖലകൾക്കും ദാരിദ്ര്യനിർമ്മാജ്ജനത്തിനും പ്രാധാന്യം നൽകിയതും റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിച്ചതും പഴം, പച്ചക്കറി എന്നിവയ്ക്ക് താങ്ങുവില പ്രഖ്യാപിച്ചതും കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചതും അഭിനന്ദനാർഹമാണ്. ശ്രീനാരായാണഗുരു ഓപ്പൺ സർവ്വകലാശാലയുടെ അടിസ്ഥാന വികസനത്തിന് തുക വകയിരുത്തിയ നടപടി അഭിനന്ദനാർഹമാണ്.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. മംഗൽപ്പാടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, മഞ്ചേശ്വരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കുമ്പള കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാനും ഐ.സി.യു., വെന്റിലേറ്റർ ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങൾക്ക് പ്രത്യേക പാക്കേജ് തയ്യാറാക്കുന്നതിനും മഞ്ചേശ്വരത്ത് മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിനും വിദ്യാഭ്യാസം/ടൂറിസം/കായിക മേഖലകളിലെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പരമ്പരാഗത തോട്ടവിളകൾക്കുപുറമെ ഫലവൃക്ഷകൃഷി ആരംഭിക്കുമെന്നും കർഷകർക്ക് കുറഞ്ഞ നിരക്കിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുമെന്നും കെ.എസ്.എഫ്.ഇ. വഴി വിദ്യാർത്ഥികൾക്ക് സൗജന്യ ലാപ്ടോപ് പദ്ധതി നടപ്പാക്കുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. റബർ വിലസ്ഥിരതാ ഫണ്ട് വർദ്ധിപ്പിക്കണം. കാർഷിക വായ്പയ്ക്ക് മോറട്ടോറിയം കാലയളവിൽ പലിശ ഒഴിവാക്കാനും 4 ശതമാനം പലിശ നിരക്കിലുള്ള കാർഷിക സ്വർണ്ണപ്പണയവായ്പ പുനഃസ്ഥാപിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. ജെ. ജോസഫ്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. കാർഷിക/വ്യാപാരമേഖലകളിലെ സ്തംഭനം അവസാനിപ്പിക്കാനും റബ്ബറിന്റെയും നാളികേരത്തിന്റെയും താങ്ങുവില വർദ്ധിപ്പിക്കാനും കുട്ടനാട്ടിലെ വെള്ളപ്പൊക്കം തടയാനും നടപടി സ്വീകരിക്കണം. തെക്കുകിഴക്കൻ ഏഷ്യയിൽ കാണുന്ന പുതിയയിനം ഫലവർഗ്ഗങ്ങൾ കൃഷി ചെയ്ത് വിപണനം നടത്തുമെന്ന പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നു. കുമരകം, തേക്കടി, മൂന്നാർ എന്നീ കേന്ദ്രങ്ങളെ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തണം. പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള പാൽപ്പൊടി ഫാക്ടറി നിർമ്മാണം, ഇടുക്കി പാക്കേജ് എന്നിവ നടപ്പാക്കണം. സി. എഫ്. തോമസിന് സ്മാരകം നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ആരോഗ്യമേഖലയ്ക്ക് പ്രാധാന്യം നൽകിയിട്ടുള്ളതും പരമ്പരാഗത തൊഴിലാളികളുടെ സംരക്ഷണത്തിന് ആശ്വാസം നൽകുന്നതുമായ ബഡ്ജറ്റാണിത്. ശ്രീനാരയാണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ ക്യാമ്പസ് നിർമ്മിക്കുന്നതിനും കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരിക്കുന്നതിനും കൊട്ടാരക്കരയിൽ ആർ. ബാലകൃഷ്ണപിള്ളയ്ക്ക് സ്മാരകം നിർമ്മിക്കുന്നതിനും ബഡ്ജറ്റിൽ തുക വകയിരുത്തിയത് സ്വാഗതാർഹമാണ്. ബയോ ഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ടിൽ ശാസ്താംകോട്ട കായൽക്കുടി ഉൾപ്പെടുത്തണം.

<u>ശ്രീ. കെ. ജെ. മാക്സി</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലം നടപ്പിലാക്കിയ ജനക്ഷേമ പ്രവർത്തനത്തിന്റെ ഫലമായാണ് ഇടതുമുന്നണിക്ക് തുടർഭരണം സാധ്യമായത്. ലൈഫ് മിഷൻ പദ്ധതിയിലൂടെ എല്ലാവർക്കും വീട് എന്ന സ്വപ്നം സാക്ഷാത്കരിച്ചതും ആർദ്രം പദ്ധതിയിലൂടെ ആരംഭിച്ച ജനകീയ ആരോഗ്യ ദൗത്യവും ആരോഗ്യമേഖലയിലും പൊതു വിദ്യാഭ്യാസ മേഖലയിലുമുണ്ടായ മുന്നേറ്റവും അഭിനന്ദനാർഹമാണ്. ക്ഷേമ പെൻഷൻ വർദ്ധിപ്പിച്ചതും ഭക്ഷ്യകിറ്റ് വിതരണം ചെയ്തതും പൊതുവിതരണരംഗം സജീവമാക്കിയതും ശുദ്ധജല വിതരണം കാര്യക്ഷമമാക്കിയതും കാർഷിക മേഖലയിലുണ്ടാക്കിയ ഉത്പാദന വർദ്ധനവും സർക്കാരിന്റെ നേട്ടങ്ങളാണ്. ഹരിത

കേരളം മിഷന്റെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്.

ഡോ. മാത്യു കുഴൽനാടൻ: ബഡ്ജറ്റിനെ എതിർക്കുന്നു. സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനും സംസ്ഥാനത്തിന്റെ വികസനത്തിനും മെച്ചപ്പെട്ട സാമ്പത്തിക നയം അനിവാര്യമാണ്. ഓൺലൈൻ വിദ്യാഭ്യാസ സംവിധാനത്തിൽ നിലനിൽക്കുന്ന ഡിജിറ്റൽ ഡിവൈഡ് അവസാനിപ്പിക്കാൻ തയ്യാറാകണം.

ശ്രീമതി ഒ. എസ്. അംബിക: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം നിഷേധിക്കുന്ന കേന്ദ്ര നിലപാട് പ്രതിഷേധാർഹമാണ്. 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപിച്ചതും 18 വയസ്സിന് മുകളിലുള്ളവർക്ക് സൗജന്യ വാക്സിൻ വിതരണത്തിനായി 1000 കോടി രൂപ വകയിരുത്തിയതും സ്വാഗതാർഹമാണ്. സമസ്ത മേഖലയിലെ ജനവിഭാഗങ്ങൾക്കുമുതകുന്ന ജനകീയ ബഡ്ജറ്റാണിത്.

ശ്രീ. കുറുക്കോളി മൊയ്തീൻ: ബഡ്ജറ്റിനെ എതിർക്കുന്നു. കേരളത്തിന്റെ പ്രതിശീർഷ കടം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള യാതൊരുനിർദ്ദേശങ്ങളും ബഡ്ജറ്റിലുൾപ്പെടുത്തിയിട്ടില്ല. കുറഞ്ഞ പലിശയ്ക്ക് നൽകിയിരുന്ന കാർഷിക വായ്പാനുകൂല്യം പുനഃസ്ഥാപിക്കണം. സി.എച്ച്. മുഹമ്മദ് കോയയുടെ പേരിലുള്ള കാലിക്കട്ട് യൂണിവേഴ്സിറ്റിയിലെ സി.എച്ച്. ചെയറിൽ ഒരു ലൈബ്രറി സ്ഥാപിക്കുന്നതിനാവശ്യമായ തുക വകയിരുത്തണം.

ശ്രീ. എം. വിജിൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജും നോളജ് ഇക്കോണമി മിഷനും പ്രഖ്യാപിച്ചതും അതിദാരിദ്ര്യ ലഘൂകരണത്തിനായി പദ്ധതി ആവിഷ്കരിച്ചതും അഭിനന്ദനാർഹമാണ്.

ശ്രീ. വി. ആർ. സുനിൽ കുമാർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ലൈഫ് പദ്ധതിയിൽ രണ്ടര ലക്ഷം വീടുകൾ നിർമ്മിച്ചുനൽകിയതും അർഹരായ മുഴുവൻപേർക്കും പട്ടയം വിതരണം ചെയ്തതും സമ്പൂർണ്ണ വൈദ്യുതീകരണം സാധ്യമാക്കിയതും സർക്കാരിന്റെ സാമൂഹ്യപ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിച്ചതും ക്ലാസ്മുറികൾ ഹൈടെക്കാക്കി മാറ്റിയതും ഓൺലൈൻ പഠനരീതി ഏർപ്പെടുത്തിയതും ശ്ലാഘനീയമാണ്. ഡിജിറ്റൽ റീ-സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കണം. വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്.

ശ്രീ. എ. പ്രഭാകരൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപനവും ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിന് 2800 കോടി രൂപയും സൗജന്യ വാക്സിന് 1000 കോടി രൂപയും വകയിരുത്തിയതും സൗജന്യ ഭക്ഷ്യകിറ്റ് വിതരണം ചെയ്തതും ക്ഷേമപെൻഷൻ വർദ്ധിപ്പിച്ചതും സ്വാഗതാർഹമാണ്. കാർഷിക മേഖലയെ

അഭിവൃദ്ധിപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: ബഡ്ജറ്റിനെ എതിർക്കുന്നു. കാലിക്കട്ട് സർവ്വകലാശാലയിലെ സി.എച്ച്. ചെയറിന് കെട്ടിടം നിർമ്മിക്കാൻ 2 കോടി രൂപ വകയിരുത്തണം. കാലിക്കട്ട് എയർപോർട്ട് നവീകരിക്കുകയും വിമാന സർവ്വീസുകൾ പുന:സ്ഥാപിക്കുകയും ചെയ്യണം. മലബാർ ലിറ്ററി സർക്യൂട്ട് ടൂറിസം പദ്ധതിയിലുൾപ്പെടുത്തി മൊയിൻകുട്ടി വൈദ്യർക്ക് സ്മാരകം നിർമ്മിക്കണം. കോവിഡ് മഹാമാരിമൂലം മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് സി.എം.ഡി.ആർ.എഫ്.-ൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനും ലൈഫ് മിഷൻ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ടവർക്കെല്ലാം വീട് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. മടങ്ങിവന്ന പ്രവാസികളുടെ പുനരധിവാസത്തിനായി പതിനായിരം കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിക്കണം. ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കുന്നതിനും രജിസ്ട്രേഷനുമുള്ള അവസരം നൽകണം. വ്യാപാരികളുടെ വായ്പകൾക്ക് മോറട്ടോറിയം ഏർപ്പെടുത്തുന്നതിനും കർഷകർക്ക് വായ്പാസബ്സിഡി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. കെ. രാമചന്ദ്രൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പുതുക്കാട് കെ.എസ്.ആർ.ടി.സി. മൊബിലിറ്റി ഹബ്ബിനായി പദ്ധതി രൂപീകരിക്കുമെന്ന പ്രഖ്യാപനം അഭിനന്ദനാർഹമാണ്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് തുക

വകയിരുത്തിയതും പുനരുജ്ജീവനത്തിന്റെ ഭാഗമായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചതും സ്വാഗതാർഹമാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച് ധവളപത്രം പുറപ്പെടുവിക്കണം. വിവിധ മേഖലകളിൽ തൊഴിലെടുക്കുന്നവർക്ക് ധനസഹായവും കോവിഡ് പോരാട്ടത്തിൽ മുന്നണിപ്പോരാളികളായ നഴ്സുമാർക്ക് പ്രത്യേക പരിഗണനയും നൽകാത്തത് പ്രതിഷേധാർഹമാണ്. കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് ആശ്വാസധനസഹായം നൽകാൻ തയ്യാറാകണം.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപിച്ചതും സൗജന്യ വാക്സിനായി 1,000 കോടി രൂപ അനുവദിച്ചതും സ്വാഗതാർഹമാണ്. കോവിഡിനെതിരെ കേരളം നടത്തുന്ന പ്രതിരോധ പ്രവർത്തനങ്ങളും മൂന്നാം തരംഗത്തെ പ്രതിരോധിക്കാനുള്ള മുന്നൊരുക്കങ്ങളും ശ്രദ്ധേയമാണ്. മത്സ്യത്തൊഴിലാളികൾക്ക് അർഹമായ പരിഗണന നൽകിയതും കടലാക്രമണത്തിന് ശാശ്വത പരിഹാരത്തിനായുള്ള പദ്ധതി ആവിഷ്കരിച്ചതും പുനർഗേഹം പദ്ധതി ആവിഷ്കരിച്ചതും ക്ഷേമപെൻഷൻ വർദ്ധിപ്പിച്ച് കുടിശ്ശികയുൾപ്പെടെ വിതരണം ചെയ്തതും തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ചതും

ശ്രദ്ധേയമാണ്. എല്ലാവർക്കും വാക്സിൻ സൗജന്യമായി നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാകുന്നതോടെ കോവിഡ് നിയന്ത്രണവിധേയമാകുന്ന സംസ്ഥാനമായി കേരളം മാറും.

(സഭ ഉച്ചയ്ക്കുശേഷം 3.29-ന് പിരിഞ്ഞു.)

******